IV സബ്മിഷൻ

(1) ഉത്തര മലബാറിലെ ക്ഷേത്ര ജീവനക്കാർക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഉത്തരമലബാറിൽ ക്ഷേത്ര ആചാരക്കാർക്ക് സാമ്പത്തിക സഹായങ്ങൾ നല്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഉത്തര മലബാറിൽ സാമ്പത്തികമായി പിന്നോക്കം നില്കുന്ന ക്ഷേത്രങ്ങളിലെ ആചാരക്കാരായ ആളുകളിൽ മഹാഭൂരിപക്ഷത്തിന്റെയും ജീവിതം ഇപ്പോൾ പരിതാപകരമായ അവസ്ഥയിലാണ്. ക്ഷേത്രആചാരങ്ങൾക്ക് അനുസരിച്ച് ജീവിക്കുകയും ക്ഷേത്രങ്ങളിൽ അവരുടെ ഉത്തരവാദിത്വങ്ങൾ മുടങ്ങാതെ നിർവ്വഹിക്കുകയും ചെയ്യുന്ന ഇവർക്ക് തങ്ങളുടെ സ്വന്തം പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ പലപ്പോഴും സാധിക്കുന്നില്ല. ദൈവങ്ങളെ ഒരിക്കലും പട്ടിണിക്കിടാത്ത അവർ പലപ്പോഴും പട്ടിണിയിലാണ്. തിരുവിതാംകൂറിലെയൊക്കെ മറ്റു ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ലഭിക്കുന്ന യാതൊരു ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുന്നില്ല. അവരുടെ തറവാടുകൾ തലമുറകൾ കൈമാറി വന്നപ്പോൾ നാശോന്മുഖമാകുകയും തറവാടു സ്ഥാനീയരേയോ സംരക്ഷിക്കുവാൻ കഴിയാതെ സാമ്പത്തികമായ വലിയ ദുരന്തത്തിൽ എത്തിനിൽക്കുകയും ചെയ്യുകയാണ്. ഇവരുടെ വേദനാജനകമായ സ്ഥിതി പരിഗണിച്ച് ഉത്തരമലബാറിലെ ക്ഷേത്രങ്ങളുടെ ഐശ്വര്യം നിലനിർത്തുന്നതിനു വേണ്ടി നിർണ്ണായകമായ പങ്കു വഹിക്കുന്ന ആചാരസ്ഥാനീയർക്ക് സർക്കാർ സാമ്പത്തികമായ ആനുകൂല്യം നല്കി അവരെ സംരക്ഷിക്കുവാൻ ആവശ്യമായ ഒരു സംവിധാനം അടിയന്തിരമായി ഉണ്ടാക്കണമെന്നുള്ളതാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുവാനുള്ളത്.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, ഉത്തര മലബാറിലെ ആചാരസ്ഥാനീയർ കർമ്മങ്ങൾ അനുഷ്ഠിക്കുന്ന ധാരാളം കാവുകളുണ്ട്. കളിയാട്ടം, പെരുംകളിയാട്ടം എന്നിവയാണ് അവിടത്തെ പ്രധാനമായ ഉൽസവങ്ങൾ. സാമുദായിക ക്ഷേത്രങ്ങളാണ് ഇവയിൽ പലതും. ഇവർക്ക് വളരെ ശോചനീയമായ സാഹചര്യമാണ് നിലവിലുള്ളത് എന്ന് കണ്ടതിനാൽ ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പിന്റെ കീഴിലെ ക്ഷേത്ര ജീവനക്കാർ എന്ന നിലയ്ക്ക് ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചു. കാവുകൾ ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ആചാരങ്ങളുള്ളതാകയാൽ ടൂറിസം വകുപ്പുമായി ആലോചിച്ച് ഒരു പദ്ധതി ആവിഷ്കരിച്ചാൽ ഈ കാവുകളുടെ വരുമാനം വർദ്ധിപ്പിക്കാനും അവയെ സ്വയംപര്യാപ്തമാക്കാനും കഴിയുമെന്ന് മനസ്സിലാക്കി അത്തരമൊരു പദ്ധതി ആവിഷ്കരിച്ച് സമർപ്പിക്കാൻ ടൂറിസം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്തിത്തിരിയൻ, കോമരം, വെളിച്ചപ്പാട് എന്നീ തസ്തികകളിൽ ജോലി ചെയ്തുവരുന്നവരാണ് സ്ഥിരമായി ജോലി ചെയ്യുന്നവർ. ഇവരുടെ ജീവിത

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യങ്ങൾ വളരെ ദയനീയമാണെന്നത് ഗവൺമെന്റ് അംഗീകരിക്കുകയാണ്. അതുകൊണ്ട് ഒരു പ്രത്യേക കേസ് എന്ന നിലയിൽ മലബാറിലെ ക്ഷേത്രങ്ങളിൽ അന്തിത്തിരിയൻ, കോമരം, വെളിച്ചപ്പാട് എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ഹിന്ദുമത ധർമ്മ സ്ഥാപനവകുപ്പിന്റെ 'ഡി' വിഭാഗത്തിൽ പെടുന്ന ക്ഷേത്രങ്ങളിലെ കോമരം, വെളിച്ചപ്പാട് തസ്തികകളിലുള്ളതുപോലെ 350-8-390-10-600 എന്ന ശമ്പള സ്കെയിൽ നൽകുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പിന്റെ മാനേജുമെന്റ് ഫണ്ടിൽ നിന്ന് ഇവർക്ക് ശമ്പളം നൽകാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി തത്വത്തിൽ ആദ്യത്തെ മൂന്ന് വർഷത്തേക്ക് ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പും പിന്നീട് ടൂറിസം വകുപ്പും ഏറ്റെടുത്ത് നടപ്പാക്കാനാണ് ഇപ്പോൾ വിഭാവനം ചെയ്യുന്നത്.

V വ്യക്തിപരമായ വിശദീകരണം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, 9-3-2005-ന് ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ചയ്ക്കിടയിൽ മുൻകൂട്ടി എഴുതി കൊടുക്കാതെ ശ്രീ. എം. എം. ഹസ്സൻ എന്റെ കുടുംബവുമായി ബന്ധപ്പെട്ട് ചില പരാമർശങ്ങൾ ഉന്നയിക്കുകയുണ്ടായി. ആ പരാമർശം തികച്ചും അടിസ്ഥാന രഹിതവും സത്യവിരുദ്ധവുമാണ്. അന്നേ ദിവസം ഞാൻ നിയമസഭാ കവാടത്തിൽ നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുകയായിരുന്നതിനാൽ സഭയിൽ ഈ ആരോപണത്തിന്റെ നിജഃസ്ഥിതി വ്യക്തമാക്കാൻ കഴിഞ്ഞില്ല. നിയമസഭാ ചട്ടം 288 അനുസരിച്ച് ഇന്ന് ഇക്കാര്യത്തിൽ വ്യക്തിപരമായ വിശദീകരണം ഞാൻ നടത്തുകയാണ്. പ്ലേവിൻ എന്ന ഓൺലൈൻ ലോട്ടറിയുടെ മുന്ന് ഡിസ്ട്രിബ്യൂട്ടിംഗ് ഏജൻസികളുള്ളതിൽ ഒന്നിൽ എന്റെ മകന്റെ ഭാര്യ രജനീ ബാലചന്ദ്രൻ, (ഈ സ്ഥാപനം എറണാകുളത്ത് പ്രവർത്തിക്കുകയാണ്) അതിൽ ഷെയർ എടുത്ത് ബോർഡ് മെമ്പറായിരുന്നു. ഗൾഫ് റിട്ടേണിയായ ഒരു കുടുംബ സുഹൃത്തിന് ഇതിൽ ഷെയറും ബോർഡ് മെമ്പർ സ്ഥാനവും ഉണ്ടായിരുന്നു. അയാൾക്ക് സർക്കാർ ജോലി കിട്ടിയപ്പോൾ കുടുംബ സുഹൃത്ത് എന്നുള്ള നിലയിൽ അയാൾക്കുണ്ടായിരുന്ന ഷെയറും ബോർഡ് മെമ്പർ സ്ഥാനവും ഈ കുട്ടിയുടെ പേരിൽ എഴുതിക്കൊടുത്തതായിരുന്നു. അങ്ങനെയിരിക്കുമ്പോഴാണ് ഓൺലൈൻ ലോട്ടറിയുടെ ചതിയും മറ്റ് കാര്യങ്ങളും മനസ്സിലാക്കി ഞാൻ അതിനെ ശക്തമായി എതിർക്കുന്നു എന്നുള്ള വിവരം മനസ്സിലായതോടുകൂടി, വെന്ത ചേമ്പ് കയ്യിൽ കിട്ടിയപ്പോൾ, അത് വായിലിടാൻ പറ്റില്ല. ചേമ്പിന്റെ സ്വഭാവം വെന്തതാണ്, അപ്പോൾ ഇങ്ങനെ എഴുതിവച്ചെങ്കിലും അത് സ്വീകരിക്കുന്നത് മോശമാണെന്നുള്ള നിലയിൽ അവർ ഉടൻ തന്നെ ബോർഡ് മെമ്പർ സ്ഥാനം രാജിവച്ചു. ഷെയറും തിരിച്ചു കൊടുത്തു. ഇപ്പോൾ വേറെ ആളുകൾക്ക് ഷെയറും ബോർഡ് മെമ്പർ സ്ഥാനവും കൊടുക്കുകയും ചെയ്തു. സത്യം ഇതാണ്. വസ്തുത ഇതായതുകൊണ്ട് എന്റെ മകന്റെ ഭാര്യ

LIBRARY ARCHIVES Kerala Legislative Assembly